# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 24.07.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1). കാർഷികമേഖല, തൊഴിൽ, എന്നിവയ്ക്ക് ഊന്നൽ നൽകി 2024-25 വർഷത്തെ കേന്ദ്ര ബജറ്റ്. കർഷകർക്കും യുവജനങ്ങൾക്കും പ്രത്യേക പരിഗണന. പുതിയ സമ്പ്രദായത്തിലെ ആദായനികുതി സ്ലാബുകൾ പരിഷ്ക്കരിച്ചു.

Union Budget gives focus on Agriculture and Employment. Special focus on farmers and youth. Income tax under the new tax regime revised.

2). വികസിത ഭാരതം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്ന താണ് കേന്ദ്ര ബജറ്റെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. അതൃപ്തി രേഖപ്പെടുത്തി ഇന്ന് പാർലമെൻറിൽ പ്രതിപക്ഷ പ്രതിഷേധം.

Prime Minister Narendra Modi has said that the Union Budget 2024-2025 is for Viksit Bharat. While the opposition will stage protest in Parliament today against the Union Budget.

3). നീറ്റ്- യു.ജി പരീക്ഷ റദ്ദാക്കില്ലെന്ന സുപ്രീംകോടതി വിധിയെ സ്വാഗതം ചെയ്ത് കേന്ദ്ര സർക്കാർ.

Union Government welcomed the Supreme Court decision of non- cancellation of NEET UG exams.

4). കേരളത്തിൽ നിപ ജാഗ്രത തുടരുന്നു. ആശ്വാസം നൽകി കൂടുതൽ പരിശോധനാ ഫലങ്ങൾ നെഗറ്റീവ്.

In Kerala, Nipah alert continues. While more test results of the samples turned negative.

5). ഏഷ്യാ കപ്പ് വനിതാ ട്വൻറി- 20 ക്രിക്കറ്റിന്റെ സെമി ഫൈനൽ സ്ഥാനം ഉറപ്പിച്ച് ഇന്ത്യ.

In Asia Cup Women T-20 Cricket, India secures position in semifinals.

*****************************************************************************************************************

**BUDGET GENERAL (INTRO)**

കാർഷിക മേഖല, അടിസ്ഥാനസൗകര്യ വികസനം, തൊഴിൽ എന്നിവയ്ക്ക് പ്രത്യേക പ്രാധാന്യം നൽകിക്കൊണ്ട് നടപ്പു സാമ്പത്തിക വർഷത്തെ കേന്ദ്രബജറ്റ് ധനമന്ത്രി നിർമലാ സീതാരാമൻ അവതരിപ്പിച്ചു. കർഷകർ, പാവപ്പെട്ടവർ, വനിതകൾ, യുവജനങ്ങൾ എന്നീ നാല് വിഭാഗങ്ങൾക്ക് പ്രാധാന്യം നൽകുന്നതാണ് കേന്ദ്ര ബജറ്റ്. ആഗോള സാമ്പത്തിക മേഖല അനിശ്ചിതാവസ്ഥ നേരിടുന്നതിനിടയിലും ഇന്ത്യൻ സമ്പദ് വ്യവസ്ഥ തിളക്കത്തോടെ വളർച്ച തുടർന്നതായി ധനമന്ത്രി പാർലമെൻറിൽ പറഞ്ഞു.

**വിശദാംശങ്ങളിലേക്ക്............**

**(വോയിസ്.....)**

തൊഴിൽ, നൈപുണ്യവികസനം, എംഎസ്എംഇ, മധ്യവർഗ്ഗ ക്ഷേമം എന്നിവയ്ക്ക് കേന്ദ്ര ബജറ്റ് ഊന്നൽ നൽകുന്നു. വനിതാ സ്വയം സഹായ സംരംഭങ്ങൾക്കുള്ള വിപണി പ്രവേശം പ്രോത്സാഹിപ്പിക്കുന്നതിന് പ്രകത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. കാർഷികോത്പാദനം, തൊഴിൽ, നൈപുണ്യവികസനം, നിർമാണ-സേവന മേഖലകൾ, അടിസ്ഥാനസൗകര്യ വികസനം, മാനവ ശേഷി വികസനം, സാമൂഹിക നീതി, ഊർജ്ജ സുരക്ഷ തുടങ്ങി 9 മേഖലകൾ കേന്ദ്രീകരിച്ചാവും സർക്കാരിൻറെ പ്രവർത്തനമെന്നും ബജറ്റിൽ വ്യക്തമാക്കുന്നു. അടിസ്ഥാന സൗകര്യ വികസനത്തിന് <u>11 ലക്ഷത്തി 11,111</u> കോടി രൂപ മൂലധന നിക്ഷേപം കേന്ദ്രം വകയിരുത്തി. സംസ്ഥാനങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് നൽകുന്ന ദീർഘകാല പലിശ രഹിത വായ്പ തുടരും. രാജ്യത്ത് ഉന്നത വിദ്യാഭ്യാസം നടത്തുന്ന വിദ്യാർത്ഥികൾക്ക് 10 ലക്ഷം രൂപ വരെ വിദ്യാഭ്യാസ വായ്പ

അനുവദിക്കുമെന്നും ധനമന്ത്രി അറിയിച്ചു. ഒരു ലക്ഷം വിദ്യാർത്ഥികൾക്ക് ഇത് പ്രയോജനകരമാവും.
ന്യൂസ് ഡെസ്ക് ആകാശവാണി....

**************************************************************************************************

## BUDGET FARMERS

പ്രധാൻമന്ത്രി ഗരീബ് കല്യാൺ യോജന 5 വർഷത്തേക്ക് കൂടി നീട്ടിയതായും 80 കോടി ജനങ്ങൾക്ക് ഇതിൻറെ പ്രയോജനം ലഭിച്ചതായും ധനമന്ത്രി നിർമല സീതാരാമൻ അറിയിച്ചു. കൃഷി, കാർഷിക അനുബന്ധ മേഖലകൾക്കായി 1.52 ലക്ഷം കോടി രൂപയും ബജറ്റിൽ വകയിരുത്തി. കാലാവസ്ഥാ വെല്ലുവിളികളെ അതിജീവിക്കുന്ന 109 ഇനം കാർഷിക വിളകൾ പുറത്തിറക്കുമെന്നും ധനമന്ത്രി അറിയിച്ചു. ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നത് ലക്ഷ്യമിട്ട് പ്രത്യേക പ്രഖ്യാപനങ്ങൾ ബജറ്റിലുണ്ട്.

**************************************************************************************************

## BUDGET – EMPLOYMENT, SKILL

രാജ്യത്തെ യുവജനങ്ങളുടെ തൊഴിൽ സുരക്ഷ ഉറപ്പുവരുത്തുന്നതിന് അതീവ പ്രാധാന്യമാണ് കേന്ദ്ര ബജറ്റിൽ നൽകിയിരിക്കുന്നത്. യുവജനങ്ങൾക്ക് തൊഴിലും, നൈപുണ്യ വികസനവും ഉറപ്പുവരുത്താൻ പ്രധാനമന്ത്രിയുടെ പ്രത്യേക പാക്കേജിൻറെ ഭാഗമായി 2 ലക്ഷം കോടി രൂപയുടെ 5 പദ്ധതികളും ബജറ്റിൽ പ്രഖ്യാപിച്ചു. വിദ്യാഭ്യാസത്തിനും നൈപുണ്യ വികസനത്തിനുമായി 1.48 ലക്ഷം കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പുതിയതായി തൊഴിൽസേനയുടെ ഭാഗമാകുന്നവർക്ക് പ്രത്യേക ആനുകൂല്യങ്ങളും കേന്ദ്രം ഉറപ്പുനൽകുന്നു. മുദ്രാ ലോൺ പരിധി 20 ലക്ഷമാക്കി ഉയർത്തുമെന്നും ധനമന്ത്രി പ്രഖ്യാപിച്ചു.

**************************************************************************************************

## BUDGET INCOME TAX

ആദായ നികുതി ചട്ടത്തിൽ സമഗ്ര പരിഷ്ക്കരണം വരുത്തുമെന്ന് ധനമന്ത്രി അറിയിച്ചു. പുതിയ രീതിയിലുള്ള ആദായ നികുതി നിർണയ സമ്പ്രദായത്തിനു കീഴിൽ കൂടുതൽ ഇളവുകളും ബജറ്റിൽ പ്രഖ്യാപിച്ചു. പുതിയ സംവിധാനത്തിന് കീഴിലെ സ്റ്റാൻഡേർഡ് ഡിഡക്ഷൻ 50,000-ത്തിൽ നിന്ന് 75,000 രൂപ ആക്കി വർദ്ധിപ്പിച്ചു. പുതിയ സമ്പ്രദായത്തിലെ ആദായ നികുതി സ്ലാബുകളും പരിഷ്ക്കരിച്ചു. മൂന്ന് ലക്ഷം വരെ വാർഷിക വരുമാനമുള്ളവർക്ക് നികുതിയില്ല. കുടുംബ പെൻഷൻറെ നികുതിയിളവ് 15,000 രൂപയിൽ നിന്ന് 25,000 രൂപയായി ഉയർത്തി. വിദേശസ്ഥാപനങ്ങൾക്കുള്ള കോർപ്പറേറ്റ് നികുതിയും 40-ൽ നിന്നും 35 ശതമാനമാക്കി കുറച്ചിട്ടുണ്ട്.

****************************************************************************************************

## BUDGET – CUSTOMS

ക്യാൻസർ ചികിത്സയ്ക്കുള്ള മൂന്ന് മരുന്നുകളുടെ കസ്റ്റംസ് തീരുവ കേന്ദ്ര ബജറ്റ് ഒഴിവാക്കി. മൊബൈൽ ഫോൺ, ചാർജറുകൾ തുടങ്ങിയവയുടെ തീരുവ 15 ശതമാനമായി കുറച്ചിട്ടുണ്ട്. സ്വർണ്ണം. വെള്ളി തുടങ്ങിയവയുടെ കസ്റ്റംസ് തീരുവ 6 ശതമാനമായി കുറച്ചു. പ്ലാറ്റിനത്തിൻറെ തീരുവ 6.4 ശതമാനമാക്കി. തുണി, തുകൽ ഉത്പന്നങ്ങൾ തുടങ്ങിയവയുടെ കസ്റ്റംസ് തീരുവയും കുറച്ചു. അതെസമയം, പ്ലാസ്റ്റിക്, ഫ്ലെക്സ്, പി.വി.സി തുടങ്ങിയവയുടെ തീരുവ 10 ശതമാനത്തിൽ നിന്ന് 25 ശതമാനമായി ഉയർത്തി.

****************************************************************************************************

## BUDGET - WOMEN

വനിതകൾക്കും പെൺകുട്ടികൾക്കുമുള്ള പദ്ധതികൾക്കായി മൂന്ന് ലക്ഷം കോടി രൂപയും ബജറ്റിൽ അനുവദിച്ചു. ഗോത്ര വിഭാഗങ്ങളുടെ വികസനത്തിനായി പ്രധാൻ മന്ത്രി ജൻജാതിയ ഉന്നത് ഗ്രാം അഭിയാൻ 63,000 ഗ്രാമങ്ങളിൽ നടപ്പാക്കുമെന്നും ധനമന്ത്രി വ്യക്തമാക്കി.

**********************************************************************************************

## PM BUDGET REACTION

വികസിത ഭാരതത്തിനു വേണ്ടിയുള്ളതാണ് ഈ സാമ്പത്തിക വർഷത്തെ കേന്ദ്ര ബജറ്റെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. എല്ലാ വിഭാഗം ജനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള രാജ്യവികസനമാണ് ബജറ്റ് ലക്ഷ്യമിടുന്നതെന്ന് അദ്ദേഹം വീഡിയോ സന്ദേശത്തിൽ പറഞ്ഞു . തൊഴിൽ, ഊർജ്ജ മേഖലകളിൽ പുതിയ അവസരങ്ങളാണ് ബജറ്റിലുള്ളത് . എംപ്ലോയ്മെന്റ് ലിങ്ക്ഡ് ഇൻസെന്റീവ് സ്കീമിലൂടെ രാജ്യത്ത് കോടിക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നും ശ്രീ മോദി പറഞ്ഞു.

**********************************************************************************************

## BUDGET FICCI

കേന്ദ്ര ബജറ്റിനെ സ്വാഗതം ചെയ്ത് ഫിക്കി. ഏഞ്ചൽ ടാക്സ് നീക്കം ചെയ്തതും കോർപ്പറേറ്റ് നികുതി കുറച്ചതും ഗുണകരമാകുമെന്ന് ചേമ്പർ ഓഫ് കൊമേഴ്സ് കൂട്ടായ്മയായ ഫിക്കി പ്രതികരിച്ചു.

**********************************************************************************************

## OPPOSITION BUDGET REACTION

കേന്ദ്ര ബജറ്റിനെതിരെ പ്രതിപക്ഷ സഖ്യം ഇന്ന് പാർലമെൻറിൽ പ്രതിഷേധിക്കും. എന്നാൽ ബജറ്റുമായി ബന്ധപ്പെട്ട ചർച്ചകൾ പ്രതിപക്ഷം ബഹിഷ്ക്കരിക്കില്ല. കോൺഗ്രസ് അദ്ധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയുടെ അദ്ധ്യക്ഷതയിൽ ചേർന്ന

യോഗത്തിലാണ് തീരുമാനം. ബജറ്റ് നിരാശപെടുത്തുന്നതെന്നും വരുമാന അസമത്വം പരിഹരിക്കുന്നില്ലെന്നും ഇന്നലെ കോൺഗ്രസ് ഉൾപ്പെടെയുള്ള പ്രതിപക്ഷ പാർട്ടികൾ വിമർശിച്ചിരുന്നു.

**************************************************************************************************

## BUDGET REACTION – KERALA

സംസ്ഥാനങ്ങൾക്കിടയിൽ വിവേചനപരമായ സമീപനം കൈക്കൊള്ളുന്ന ബജറ്റാണ് കേന്ദ്ര ധനമന്ത്രി അവതരിപ്പിച്ചതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ബജറ്റിൽ കേരളം എന്ന വാക്ക് ഉച്ചരിക്കാൻ പോലും ധനമന്ത്രി തയ്യാറാകാതിരുന്നത് പ്രതിഷേധാർഹമാണെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ പ്രതികരിച്ചു.

**************************************************************************************************

## EDUCATION MINISTER – NEET

നീറ്റ് യു.ജി പരീക്ഷയുമായി ബന്ധപ്പെട്ടുള്ള സുപ്രീം കോടതി വിധി സ്വാഗതം ചെയ്യുന്നതായി കേന്ദ്ര മന്ത്രി ധർമേന്ദ്ര പ്രധാൻ. സുതാര്യവും ക്രമക്കേടുകളില്ലാത്തതുമായ പരീക്ഷാ സമ്പ്രദായം ഒരുക്കുന്നതിൽ സർക്കാർ പ്രതിജ്ഞാ ബദ്ധമാണെന്നും നീറ്റ് അഴിമതിയിൽ ഉൾപ്പെട്ടവരെ വെറുതെ വിടില്ലെന്നും അദ്ദേഹം ഇന്നലെ മാധ്യമങ്ങളോട് പറഞ്ഞു. എൻ.ടി.എ യുടെ സമ്പൂർണ നവീകരണത്തിനായി ഉന്നതതല സമിതി രൂപീകരിച്ചതായും അദ്ദേഹം കൂട്ടിച്ചേർത്തു. നീറ്റ് – യു ജി പരീക്ഷ റദ്ദാക്കണമെന്ന ഹർജികൾ ഇന്നലെ സുപ്രീം കോടതി തള്ളിയിരുന്നു. വ്യാപക ക്രമക്കേട് നടന്നതായി കണ്ടെത്താൻ കഴിഞ്ഞില്ലെന്ന് കാണിച്ചാണ് ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് ഹർജികൾ തള്ളിയത്. പരീക്ഷ റദ്ദാക്കിയാൽ അത് 23 ലക്ഷം വിദ്യാർത്ഥികളെ ബാധിക്കുമെന്നും

ജസ്റ്റിസ് ജെ ബി പർഡിവാല, മനോജ് മിശ്ര എന്നിവരുൾപ്പെട്ട ബെഞ്ച് നിരീക്ഷിച്ചു.

***************************************************************************************************

## NIPAH - KERALA

കേരളത്തിൽ നിപ ജാഗ്രത തുടരുന്നു. ഇന്നലെ പുറത്തുവന്ന 17 സാമ്പിളുകളുടെ പരിശോധനാ ഫലം നെഗറ്റീവെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ് അറിയിച്ചു. നിപയുമായി ബന്ധപ്പെട്ട് വ്യാജവാർത്ത പ്രചരിപ്പിച്ചതിൽ രണ്ട് കേസ് രജിസ്റ്റർ ചെയ്തതായും മന്ത്രി വാർത്താസമ്മേളനത്തിൽ പറഞ്ഞു. നിലവിൽ 460 പേരാണ് സമ്പർക്ക പട്ടികയിൽ ഉള്ളത്. ഇതിൽ 220 പേർ ഹൈറിസ്ക് വിഭാഗത്തിൽ ഉൾപ്പെട്ടവരാണ്. പൂനെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുള്ള വിദഗ്ധ സംഘം രോഗബാധിത മേഖലയിലെത്തി വവ്വാലുകളിൽ നിന്നും സാംപിൾ ശേഖരിച്ചു തുടങ്ങിയിട്ടുണ്ട്.

***************************************************************************************************

## CRICKET-ASIA CUP

വനിതാ ഏഷ്യാ കപ്പ് ട്വൻറി 20 ക്രിക്കറ്റിൻറെ സെമി ഫൈനലിൽ സ്ഥാനം ഉറപ്പിച്ച് ഇന്ത്യ. ശ്രീലങ്കയിലെ ദാംബുള്ളയിൽ നടന്ന അവസാന ഗ്രൂപ്പ് മത്സരത്തിൽ നേപ്പാളിനെതിരെ 82 റൺസിന് വിജയത്തോടെയാണ് ഇന്ത്യയുടെ സെമി പ്രവേശം.

ഇന്ത്യ ഉയർത്തിയ 179 റൺസ് വിജയലക്ഷ്യം പിന്തുടർന്ന നേപ്പാളിന് നിശ്ചിത ഓവറിൽ 96 റൺസെടുക്കാനെ കഴിഞ്ഞുള്ളൂ. ഗ്രൂപ്പ്-എ യിൽ നിന്ന് ഇന്ത്യയ്ക്കൊപ്പം പാകിസ്ഥാനും സെമി യോഗ്യത നേടിയപ്പോൾ നേപ്പാളും യു.എ.ഇ യും പുറത്തായി.

***************************************************************************************************

## KARNATAKA SEARCHING

കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശി അർജുനായുള്ള തിരിച്ചിൽ ഇന്നും തുടരും. തിരച്ചിലിനുള്ള ബോറിങ് യന്ത്രം എത്തിച്ച് നദിക്കരയിൽ ഇന്ന് തിരച്ചിൽ പുനരാരംഭിക്കും.

**********

******************************************************************************************************

****